**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചൂനൂർ വാർഡിൽ റേഷൻ കട അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോട്ടക്കൽ നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണ്; അവയിൽ ഏതൊക്കെ അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ചൂനൂർ, പണിക്കർകണ്ട്, പിലാത്തറ, വലിയ പറമ്പ് എന്നിവിടങ്ങളിൽ പുതിയ റേഷൻകട അനുവദിക്കുന്നതിനായി 4 പ്രൊപ്പോസലുകൾ ലഭിച്ചതിൽ, ഒന്നും തന്നെ അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.<br><br>**ചൂനൂർ** - നിലവിലെ കടയെ ബാധിക്കുന്നതിനാൽ പുതിയ കട അനുവദിക്കാൻ കഴിയില്ല.<br><br>**പണിക്കർകണ്ട്** - അടുത്തുള്ള കടകളിലൊന്ന് (FPS 147) ഈ സ്ഥലത്തേക്ക് മാറ്റി അനുവദിക്കാവുന്നതാണ്.<br><br>**പിലാത്തറ** – അപേക്ഷകനോട് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**വലിയ പറമ്പ്** - കോട്ടയ്ക്കൽ ടൗണിൽ നിലവിലുള്ള കട, മുനിസിപ്പാലിറ്റിയുടെ അനുമതിയോടെ ഈ സ്ഥലത്തേക്ക് മാറ്റാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിലെ ചൂനൂർ വാർഡിൽ റേഷൻകട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും |
| (സി) | ചൂനൂർ പ്രദേശത്തെ ജനങ്ങൾ നിലവിൽ ഏറെ ദൂരം യാത്ര ചെയ്തു കാടാമ്പുഴ, തലക്കാപ്പ്, മണ്ണഴി, ഇന്ത്യനൂർ എന്നിവിടങ്ങളിലെ റേഷൻ കടകളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്ത് പൊന്മള പഞ്ചായത്തിലെ ചൂനൂർ വാർഡിൽ പുതിയ റേഷൻ കട അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ